കേരള നിയമസഭാ നടപടികൾ

പത്താം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം
2000 മാർച്ച് 7, ചൊവ്വ

വാല്യം 110] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 13

നിയമസഭ 2000 മാർച്ച് മാസം 7 -ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30 ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. വിജയകുമാറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ : ഓർഡർ....., ഓർഡർ ..... ചോദ്യം നമ്പർ 331

സഹകരണസംഘങ്ങളിലെ ആഡിറ്റ് യഥാസമയം നടത്തുന്നതിന് നടപടി

1 (*331) ശ്രീ. എൻ. ആർ. ബാലൻ :
ശ്രീ. ടി. കെ. ബാലൻ :
ശ്രീ. എം. ദാസൻ :
ശ്രീ. ലോനപ്പൻ നമ്പാടൻ :
ശ്രീ. പി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സഹകരണ സംഘങ്ങളിലെ ആഡിറ്റ് യഥാസമയം നടത്തുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) സഹകരണ സംഘങ്ങളിൽ വളരെയധികം ആഡിറ്റ് കുടിശ്ശികയുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ആഡിറ്റ് കുടിശ്ശിക തീർക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഡി) സഹകരണ വകുപ്പിൽ ഫലപ്രദമായ ആഡിറ്റ് നടത്തുന്നതിന് ആഡിറ്റ് വിഭാഗം പുനഃസംഘടിപ്പിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ; സഹകരണ സംഘങ്ങളിൽ സ്ഥിരമായി ഒരേ ഓഡിറ്റർമാർ തന്നെ ഓഡിറ്റ് നടത്തിവരുന്നതു ഒഴിവാക്കുന്നതിന് എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ആഡിറ്റ് കുടിശ്ശിക തീർക്കുന്നതിൽ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് ;

(എഫ്) ഈ നടപടിമൂലം ആഡിറ്റ് കുടിശ്ശികയിൽ കുറവു വരുത്താൻ കഴിഞ്ഞിട്ടുണ്ടോ ;

(ജി) ഇപ്പോൾ കുടിശ്ശികയുള്ള ആഡിറ്റിന്റെ വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(എച്ച്) ആഡിറ്റ് കുടിശ്ശിക തീർക്കാൻ കൂടുതൽ ജീവനക്കാരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) : സർ,

(എ) സംസ്ഥാന സഹകരണസ്ഥാപനങ്ങളിലെ ആഡിറ്റ് രണ്ട് തരത്തിലുള്ള ആഡിറ്റർമാർ നടത്തിവരുന്നു. സംസ്ഥാന/ജില്ലാതല സഹകരണസ്ഥാപനങ്ങൾ ഫെഡറൽ സംഘങ്ങൾ, കൂടുതൽ ഇടപാടുകൾ നടത്തി വരുന്ന വലിയ പ്രൈമറി സംഘങ്ങൾ തുടങ്ങിയ സാമ്പത്തിക ഭദ്രതയുള്ള സ്ഥാപനങ്ങളുടെ ആഡിറ്റ് കൺകറന്റ് ആഡിറ്റർമാരും മറ്റ് താരതമ്യേന ചെറിയ സഹകരണസ്ഥാപനങ്ങൾ യൂണിറ്റ് ആഡിറ്റർമാരും നടത്തിവരുന്നു.

(ബി) ഉണ്ട്.

(സി) ആഡിറ്റ് യഥാസമയം തീർത്തിട്ടുണ്ട്. ഫലപ്രദമായ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ആഡിറ്റ് വിഭാഗം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ആഡിറ്റ് ഒരു പ്രത്യേക ഡയറക്ടറുടെ കീഴിലാക്കുന്നതിന് 1-1-2000-ത്തിൽ നിലവിൽ വന്ന സഹകരണസംഘം (ഭേദഗതി) നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ഡി) ആഡിറ്റ് വിഭാഗം പുനഃസംഘടിപ്പിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. സ്ഥിരമായി ഒരേ ആഡിറ്റർ തന്നെ ഒരേ സ്ഥാപനത്തിന്റെ ആഡിറ്റ് നടത്തുന്നുണ്ടെങ്കിൽ അത് ഒഴിവാക്കുന്നതാണ്.

(ഇ) ആഡിറ്റ് വിഭാഗത്തിലെ ഉദ്യോഗസ്ഥന്മാരുടെ സംസ്ഥാന/ജില്ലാ/ താലൂക്ക്തല യോഗങ്ങൾ വിളിച്ചുചേർത്ത് കുടിശ്ശിക തീർക്കുന്നതിന് സമയപരിധി നിശ്ചയിച്ചിട്ടുണ്ട്. വലിയ സഹകരണ സംഘങ്ങളിൽ കൺകറണ്ട് ആഡിറ്റർമാരെ നിയോഗിച്ചിട്ടുണ്ട്. കൂടാതെ ജില്ലാതല ആഡിറ്റ് ഡെപ്യൂട്ടി രജിസ്ട്രാർമാരുടെ തസ്തിക ജോയിന്റ് രജിസ്ട്രാർമാരായി ഉയർത്തി ആഡിറ്റർമാരിൽ കൂടുതൽ നിയന്ത്രണം ചെലുത്തി പ്രവർത്തനം മെച്ചപ്പെടുത്തിയിട്ടുണ്ട്. ജില്ലാ സഹകരണ സംഘങ്ങളുടെ ആഡിറ്റർ തസ്തികയും ജോയിന്റ് രജിസ്ട്രാർ ആയി ഉയർത്തിയിട്ടുണ്ട്.

(എഫ്) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ജി) 31-1-2000-ത്തിന് കുടിശ്ശികയായിട്ടുള്ള ആഡിറ്റ് ചുവടെ ചേർക്കുന്നു.

വർഷം	ആഡിറ്റിന്റെ എണ്ണം
1994-95 വരെ	84
1995-96 വരെ	209
1996-97 വരെ	1,378
1997-98 വരെ	4,858
ആകെ	6,529

(എച്ച്) 1-1-2000-ത്തിന് നിലവിൽ വന്ന കേരള സഹകരണസംഘം (ഭേദഗതി) നിയമത്തിലെ 63-ാം വകുപ്പുപ്രകാരം സഹകരണ വകുപ്പിലെ ആഡിറ്റ് വിഭാഗം വേർപെടുത്തി ഡയറക്ടർ ഓഫ് കോ-ഓപ്പറേറ്റീവ് ആഡിറ്റിന്റെ കീഴിൽ കൊണ്ടു വന്നിരിക്കുകയാണ്. ഇതിന്റെ റൂൾ നിലവിൽ വരുന്നമുറയ്ക്കും സർക്കാരിന്റെ പരിഗണനയിലിരിക്കുന്ന ആഡിറ്റ് വിഭാഗത്തിന്റെ പുനഃസംഘടനയോട് അനുബന്ധിച്ച് ആഡിറ്റ് കുടിശ്ശിക തീർക്കാൻ കൂടുതൽ ജീവനക്കാരെ ആവശ്യമാണെന്ന് കാണുന്ന പക്ഷം അതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. എൻ. ആർ. ബാലൻ : ആഡിറ്റ് വിഭാഗം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ജീവനക്കാരുടെ കാര്യശേഷി വർദ്ധിപ്പിക്കാൻ എന്തെങ്കിലും പ്രത്യേക പരിശീലന പദ്ധതി ഗവൺമെന്റിന്റെ പരിഗണനയിൽ ഉണ്ടോ ?

ശ്രീ. എസ്. ശർമ്മ : ഈ സഭ പാസാക്കിയ സഹകരണസംഘം (ഭേദഗതി) നിയമത്തിലെ 63-ാം വകുപ്പുപ്രകാരം പ്രധാന ഉത്തരവിൽ വിശദീകരിച്ചിട്ടുള്ളതനുസരിച്ച് ഡയറക്ടർ ഓഫ് കോ-ഓപ്പറേറ്റീവ് ആഡിറ്റിന്റെ കീഴിൽ കൊണ്ടുവരാൻ നടപടി സ്വീകരിക്കുന്നതാണ്. അതിന്റെ ഭാഗമായി പുനഃസംവിധാനം ചെയ്യുമ്പോൾ സ്വാഭാവികമായും പ്രത്യേക ഉദ്യോഗസ്ഥന്മാർക്ക് ഇക്കാര്യത്തിൽ വ്യക്തത ഉണ്ടാക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. എൻ. ആർ. ബാലൻ : കയർ, കശുവണ്ടി തുടങ്ങിയ പരമ്പരാഗത വ്യവസായ സഹകരണ സ്ഥാപനങ്ങളിലെ ആഡിറ്റ് കുടിശ്ശിക തീർക്കാൻ സമയബന്ധിതമായി എന്തെങ്കിലും നടപടി കൈക്കൊള്ളാൻ ഗവൺമെന്റ് ആലോചിക്കുന്നുണ്ടോ ?

ശ്രീ. എസ്. ശർമ്മ : കയർ, കശുവണ്ടി, കൈത്തറി തുടങ്ങിയവയുടെ സംഘങ്ങളിൽ മുൻഗണനാ ക്രമത്തിൽ ആഡിറ്റ് ചെയ്യാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. ടി. കെ. ബാലൻ : ഇന്ന് സഹകരണ വകുപ്പിലുള്ള ആഡിറ്റിനെ സംബന്ധിച്ചിടത്തോളം നിലവിലുള്ള ആഡിറ്റ് മാനുവൽ വളരെ പഴകിയതാണ്. ബ്രിട്ടീഷ് ഭരണകാലത്തുള്ള പല വകുപ്പുകളും പ്രവർത്തന രീതികളും ഇത്തരം മാനുവലിൽ കാണാം. നമ്മുടെ സഹകരണ വകുപ്പിനെ സംബന്ധിച്ചുള്ള കൺസെപ്റ്റ് തന്നെ ഇന്ന് മാറുകയും എൻ.ആർ.ഐ., കമ്പ്യൂട്ടർവൽക്കരണം ഇങ്ങനെയുള്ള നിരവധി കാര്യങ്ങൾ പരിഷ്ക്കരിച്ചുകൊണ്ടിരിക്കുന്ന ഈ മേഖലയിൽ പുതിയൊരു മാനുവൽ ഉണ്ടാക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എസ്. ശർമ്മ : അത് പരിശോധിക്കുന്നതാണ്.

ശ്രീ. ടി. കെ. ബാലൻ : പുതിയ ആക്ട് വന്ന് ഈ വിഭാഗം ബൈഫർക്കേറ്റ് ചെയ്യുകയും പരിഷ്ക്കരിക്കുകയും ചെയ്യുന്നതിന്റെ ഭാഗമായി ഇന്ന് നിലവിൽ ആഡിറ്റ് നടത്തിക്കൊണ്ടിരിക്കുന്ന ജീവനക്കാരെ സംബന്ധിച്ചിടത്തോളം ന്യായമായ ചില പരാതികൾ ഉയർന്നു വന്നിട്ടുണ്ട്. ഇത്തരം പ്രശ്നങ്ങളെ സംബന്ധിച്ച് അവരുടെ സംഘടനകളുമായിട്ട് ചർച്ച ചെയ്യാനും പരിഹാരം കാണാനും സർക്കാർ സന്നദ്ധമാകുമോ ?

ശ്രീ. എസ്. ശർമ്മ : ഇത് സംബന്ധിച്ചുള്ള റൂൾസ് വരുന്ന ഒരു മാസത്തിനുള്ളിൽ പ്രാബല്യത്തിൽ വരുന്നതാണ്. അപ്പോഴാണ് ഇത് നടപ്പിലാക്കുന്ന സ്റ്റേജ് വരുന്നത്. അതിനുമുമ്പ് ഇത് വിജയകരമായി നടപ്പിലാക്കുന്നതിന് ജീവനക്കാരുടെ സംഘടനാ പ്രതിനിധികളുമായിട്ട് ഇക്കാര്യം ചർച്ച നടത്തുന്നതാണ്.

ശ്രീ. എം. ദാസൻ : സഹകരണസംഘങ്ങളിലെ ആഡിറ്റ് യഥാസമയം നടക്കുന്നുണ്ടോ എന്നു പരിശോധിക്കാൻ എന്തെങ്കിലും സംവിധാനം ഇന്ന് നിലവിലുണ്ടോ ; ഇല്ലെങ്കിൽ അതിനു വേണ്ടി എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തുന്ന കാര്യം ഗവൺമെന്റ് പരിഗണിക്കുമോ ?

ശ്രീ. എസ്. ശർമ്മ : ഇപ്പോഴുള്ള സംവിധാനം, ജില്ല/താലൂക്ക്തലത്തിൽ ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റൽ ഉദ്യോഗസ്ഥന്മാർ റിവ്യൂ നടത്തി ആഡിറ്റ് കുടിശ്ശിക നോക്കി അതിന്റെ അടിസ്ഥാനത്തിൽ പരമാവധി വേഗത്തിൽ ഇത് പൂർത്തിയാക്കാൻ ആവശ്യമായ നടപടി സ്വീകരിച്ചുവരുന്നു. ഇപ്പോൾ ഈ കാര്യങ്ങളെല്ലാം പ്രത്യേകം ശ്രദ്ധയോടുകൂടി നടത്തി വരുന്നുണ്ടെങ്കിലും കുറേക്കൂടി ഗൗരവതരമായി ആ മേഖല ശ്രദ്ധിക്കേണ്ടതുണ്ടെന്നുള്ളതു കൊണ്ടാണ് നേരത്തെ വിശദീകരിച്ചതു പോലെ പ്രത്യേക വിഭാഗത്തെ ഇതിന് നിയോഗിക്കാൻ നിശ്ചയിച്ചിട്ടുള്ളത്.

ശ്രീ. എം. ദാസൻ : സഹകരണസംഘങ്ങളിൽ യഥാസമയം ആഡിറ്റ് നടത്താൻ ആവശ്യമായ ജീവനക്കാരില്ലെന്ന പ്രശ്നം ഇന്ന് നിലനിൽക്കുന്നുണ്ട്. ഇത് പരിഗണിച്ച് ആഡിറ്റ് വിഭാഗം ശക്തിപ്പെടുത്താൻ ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. എസ്. ശർമ്മ : ആഡിറ്റ് ചെയ്യുന്നതിന് ഇപ്പോൾ 1642 തസ്തികകളാണ് നിലവിലുള്ളത്. ഇതിൽ 241 തസ്തികകൾ ഒഴിഞ്ഞു കിടക്കുകയാണ്. ആ കുറവ് പരിഹരിക്കുന്നതിന് പി. എസ്. സി. യോട് വളരെ നേരത്തെതന്നെ ആവശ്യപ്പെട്ടിട്ടുള്ളതാണ്. നടപടി ഇതിനകം സ്വീകരിച്ചിട്ടില്ല. ഈ കുറവ് അടിയന്തിരമായി പരിഹരിക്കാൻ പി. എസ്. സി. യോട് വീണ്ടും ആവശ്യപ്പെടുന്നതാണ്.

ശ്രീ. ലോനപ്പൻ നമ്പാടൻ : ആഡിറ്റ് വിഭാഗം പുനഃസംഘടിപ്പിക്കുമ്പോൾ ജില്ലാതലത്തിൽ ചാർട്ടേഡ് അക്കൗണ്ടന്റുമാരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ ; ആഡിറ്റ് നടത്തിയതിന്റെ ഫലമായി കഴിഞ്ഞവർഷം എത്ര സംഘങ്ങളുടെ പേരിൽ ശിക്ഷാ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് പറയാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എസ്. ശർമ്മ : സഹകരണസംഘങ്ങളുടെ ആഡിറ്റ് ചുമതല സർക്കാരിനാണ്. സി. എ. മാരെ നിയോഗിക്കുന്ന കാര്യം പരിശോധിച്ചശേഷമേ മറുപടി പറയാൻ കഴിയുകയുള്ളു. ആഡിറ്റ് പരിശോധനയിൽ പ്രത്യേക വീഴ്ച വരുത്തിയ എത്ര സംഘങ്ങളുടെ പേരിൽ എന്ത് ശിക്ഷാ നടപടി സ്വീകരിച്ചുവെന്നു പറയാൻ പ്രത്യേക നോട്ടീസ് വേണം.

ശ്രീ. ലോനപ്പൻ നമ്പാടൻ : ആഡിറ്റ് വിഭാഗത്തിൽ ഇപ്പോൾ എത്ര ഒഴിവുകളുണ്ടെന്ന് പറയാമോ ; അത് നികത്താൻ സത്വര നടപടി സ്വീകരിക്കുമോ ?

ശ്രീ. എസ്.ശർമ്മ : 242 ഒഴിവുകളുണ്ടെന്ന് ഇതിനു മുമ്പ് വ്യക്തമാക്കി.

ശ്രീ. പി. രാഘവൻ : ആഡിറ്റ് വിഭാഗം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി കമ്പ്യൂട്ടർവൽക്കരണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. എസ്. ശർമ്മ : ഉദ്ദേശിക്കുന്നുണ്ട്.

ശ്രീ. പി. രാഘവൻ : ജില്ലാതല ആഡിറ്റ് ഓഫീസുകളിൽ എത്ര ആഡിറ്റ് കുടിശ്ശികയുണ്ട് എന്ന് വ്യക്തമാക്കാമോ ; ആ കുടിശ്ശിക തീർക്കുന്നതിന് എന്തു നടപടിയെടുക്കാൻ ഉദ്ദേശിക്കുന്നു എന്നും വ്യക്തമാക്കാമോ ?

ശ്രീ. എസ്. ശർമ്മ : 4,858 സംഘങ്ങളുടേതായിട്ട് 6,529 ആഡിറ്റ് കുടിശ്ശികകൾ നിലവിലുണ്ട്. അത് അതിവേഗത്തിൽ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. തോമസ് ചാഴികാടൻ : ഞാൻ ചോദിക്കാനിരുന്ന ചോദ്യം ശ്രീ. ലോനപ്പൻ നമ്പാടൻ മാസ്റ്റർ ചോദിച്ചു. ഒരു കാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്, ഇന്ന് സഹകരണ മേഖലയിൽ പ്രൊഫഷണൽ മാനേജുമെന്റ് കൊണ്ടുവരാൻ ഗവൺമെന്റ് പ്രത്യേകമായ ശ്രദ്ധചെലുത്തുന്നുണ്ട്. ജില്ലാ സഹകരണ ബാങ്കുകളിലും അതുപോലെ അപ്പെക്സ് സഹകരണ സംഘങ്ങളിലുമൊക്കെ എം. ബി. എ. ഉൾപ്പെടെയുള്ള പ്രൊഫഷണൽ കോഴ്സുകൾ പാസ്സായ ആളുകളെ ഉദ്യോഗസ്ഥന്മാരായി, ഓഫീസർമാരായി നിയമിക്കാൻ ഗവൺമെന്റ് ശ്രദ്ധ ചെലുത്തുന്നുണ്ട്. ഇപ്പോൾ പാർലമെന്റ് കമ്മിറ്റിയുടെ നിർദ്ദേശമനുസരിച്ച് ബാങ്കുകളിലെ കൺകറന്റ് ആഡിറ്റിന് ചാർട്ടേർഡ് അക്കൗണ്ടന്റുമാരെ നിയമിക്കാൻ തീരുമാനമായിട്ടുണ്ട്. അതേരീതിയിൽ സഹകരണ മേഖലയിലും ചാർട്ടേർഡ് അക്കൗണ്ടന്റുമാരെ കൺകറന്റ് ആഡിറ്റർമാരായി നിയമിച്ചുകൊണ്ട് ഉത്തരവിറക്കാൻ തയ്യാറാകുമോ ?

ശ്രീ. എസ്. ശർമ്മ : ആ നിർദ്ദേശം പരിശോധിക്കാവുന്നതാണ്.

ശ്രീ. പി. വിശ്വൻ : ജീവനക്കാരുടെ കുറവുകൾ ഇവിടെ സൂചിപ്പിച്ചു. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിന്നും താൽക്കാലിക ജീവനക്കാരെ ആഡിറ്റ് ചെയ്യാനെടുക്കുമ്പോൾ അവർ ജോലി പരിചയപ്പെട്ടു വരുമ്പോൾ അവരുടെ സമയം കഴിയുന്നു. ബഹുമാനപ്പെട്ട മന്ത്രി പി. എസ്. സി. ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടെന്ന് പറഞ്ഞു. ആ ലിസ്റ്റിന്റെ കാലാവധി എന്നുവരെയാണ് അതിൽ നിന്നും എത്ര പേരെ നിയമിച്ചു എന്ന് പറയാൻ കഴിയുമോ ?

ശ്രീ. എസ്. ശർമ്മ : ഫൈനൽ ലിസ്റ്റ് ആയിട്ടില്ല.

ശ്രീ. ഇസ്ഹാക് കുരിക്കൾ : സാധാരണ സാമ്പത്തികമായി വളരെ നഷ്ടത്തിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളിൽ ഡിപ്പാർട്ടുമെന്റിൽനിന്നും ആഡിറ്റർമാരെ വയ്ക്കുന്നതുമൂലം ഇവരുടെ ശമ്പളവും പെൻഷനും മറ്റ് എല്ലാ ആനുകൂല്യങ്ങളും ഈ പ്രൈമറി സൊസൈറ്റികൾ കൊടുക്കേണ്ടതുകൊണ്ട് വളരെയധികം സാമ്പത്തിക പ്രതിസന്ധി നേരിടുകയാണ്. ഗവൺമെന്റ് നേരിട്ട് ആഡിറ്റർമാർക്ക് ശമ്പളം കൊടുക്കുകയാണ്. ഇല്ലെങ്കിൽ ഡി. ആർ. ഡി. എ. പബ്ലിക് സെക്ടർ മുതലായ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ചെയ്യുന്നതു പോലെ ഗവൺമെന്റ് .അംഗീകരിച്ച ആഡിറ്റർമാരിൽ നിന്നും ആഡിറ്റ് റിപ്പോർട്ട് കൊടുക്കാനുള്ള ഒരു ഭേദഗതി സഹകരണ നിയമത്തിൽ കൊണ്ടുവന്ന് ഈ സഹകരണ സംഘങ്ങളെ രക്ഷിക്കാനുള്ള ഒരു നടപടി ബഹുമാന്യനായ മന്ത്രി സ്വീകരിക്കുമോ ?

ശ്രീ. എസ്. ശർമ്മ : ഇനി എപ്പോഴെങ്കിലും ഭേദഗതി വരുന്ന സന്ദർഭത്തിൽ ഈ കാര്യം നമുക്ക് വിശദമായിട്ട് ചർച്ച ചെയ്യാം. ഈ അടുത്ത കാലത്തൊന്നും ഉണ്ടെന്നു തോന്നുന്നില്ല.

ശ്രീ. എൻ. അനിരുദ്ധൻ : പുതിയ സഹകരണ നിയമം വന്നതോടുകൂടി ആഡിറ്റിന് പ്രത്യേക ഡയറക്ടറേറ്റ് ഏർപ്പെടുത്താൻ വ്യവസ്ഥയുണ്ട്. അങ്ങനെയുള്ള വ്യവസ്ഥ നിലനിൽക്കെ ആഡിറ്റ് ഫീസിനത്തിൽ നല്ലൊരു തുക ഇപ്പോൾ പ്രൈമറി സംഘങ്ങളിൽ നിന്നും ഈടാക്കിവരുന്നു. വളരെയധികം കുടിശ്ശികയുമുണ്ട്. ആ കുടിശ്ശിക വരുത്തുന്നത് മനഃപൂർവ്വമല്ല. അങ്ങനെയുള്ള സംഘങ്ങളെ രക്ഷിക്കുന്നതിനുവേണ്ടികൂടി ഈ ആഡിറ്റ് ഫീസ് സമ്പ്രദായം നിർത്തലാക്കാൻ ഗവൺമെന്റ് തയ്യാറാകുമോ ?

ശ്രീ. എസ്. ശർമ്മ : ആഡിറ്റ് ഫീസ് സമ്പ്രദായം ഏതെങ്കിലുമൊരു സംഘത്തിന്റെ പ്രയാസത്തെ പരിഗണിച്ചുകൊണ്ട് സ്റ്റേറ്റിലൊട്ടാകെ അതൊരു പ്രയാസമാണ്, ബുദ്ധിമുട്ടാണ് എന്ന നിലയിലേയ്ക്ക് ഇപ്പോൾ ഗവൺമെന്റ് കണക്കാക്കുന്നില്ല.

ശ്രീ. കെ. എ. ചന്ദ്രൻ : സഹകരണ സംഘങ്ങളിലെ ടേൺഓവർ നാൾക്കുനാൾ വർദ്ധിച്ചു വരികയാണ്. കോടിക്കണക്കിന് ആസ്തി ബാധ്യതയും ടേൺഓവറും ഉള്ള ഈ കാലഘട്ടത്തിൽ നിലവിലുള്ള ആഡിറ്റ് സമ്പ്രദായം കൊണ്ട് ഗുണമില്ല. ഏറിയകൂറും ദോഷമാണ്. സമയാസമയത്ത് ആഡിറ്റ് നടക്കാത്തതാണ് അവിടെയുള്ള ക്രമക്കേടുകൾക്കും അഴിമതികൾക്കും പല കാരണങ്ങളിലൊന്ന്. അതുകൊണ്ട് ഇന്ന് നിലവിലുള്ള സിസ്റ്റം സ്ട്രെങ്തൻ ചെയ്യുകയോ, അല്ലെങ്കിൽ ബഹുമാനപ്പെട്ട മറ്റ് മെമ്പർമാർ പറഞ്ഞതുപോലെ മറ്റ് സ്ഥാപനങ്ങളിൽ ചെയ്യുന്നതുപോലെ ചാർട്ടേർഡ് അക്കൗണ്ടന്റുമാരെക്കൊണ്ട് ആഡിറ്റ് ചെയ്യിക്കാനുള്ള ഒരു സംവിധാനം ഉണ്ടാക്കുകയോ ചെയ്യുന്നത് എന്തുകൊണ്ടും ഉചിതമാണ്. ഇന്ന് ആഡിറ്റർമാർ ആഡിറ്റ് ചെയ്യുന്നത് സ്ലാബ് സംവിധാനത്തിലാണ്. ഗ്രൂപ്പ് ആഡിറ്റ് നടത്തുന്ന ആഡിറ്റർമാർ സംഘത്തിൽ വന്നാൽ അവർ അവിടെ വരുന്നുണ്ടോ എന്നതിനെക്കുറിച്ച് അന്വേഷിക്കാനോ മേൽനോട്ടം വഹിക്കാനോ

LIBRARY ARCHIVES Kerala Legislative Assembly

ഭരണസമിതിക്ക് അധികാരമില്ല. അവർ ഡിപ്പാർട്ടുമെന്റിന്റെ നിയന്ത്രണത്തിലാണ്. അതുകൊണ്ട് ഭരണസമിതിക്ക് നിലവിലുള്ള ആഡിറ്റർമാരെ നിയന്ത്രിക്കാനുള്ള അധികാരം ലഭിക്കുമോ ?

ശ്രീ. എസ്. ശർമ്മ : ബഹുമാനപ്പെട്ട അംഗം ഉദ്ദേശിച്ചത്, യഥാസമയം ആഡിറ്റ് നടപ്പാക്കാതെ വരുന്നതിന്റെ ഫലമായി കുടിശ്ശികയും സാമ്പത്തിക ബാധ്യതയും വരികയും അത്തരം സംഘങ്ങളിൽ പ്രത്യേകിച്ച് ഒരു നിയന്ത്രണം ഇല്ലാതിരിക്കുകയും ചെയ്യുന്നത് കൂടുതൽ പ്രശ്നം സൃഷ്ടിക്കുന്നു എന്നുള്ളതാണ്. ഈ പ്രശ്നങ്ങളെല്ലാം ഗൗരവമായി പരിശോധിച്ചുകൊണ്ടാണ് ഈ ആക്ടിൽ തന്നെ 63-ാം വകുപ്പ് അനുസരിച്ച് ഒരു പ്രത്യേക വിഭാഗമായത്. ആഡിറ്റിൽ ഇന്ന് അനുഭവപ്പെടുന്ന നാനാതരത്തിലുള്ള ദൗർബല്യങ്ങൾ പരിഹരിക്കുന്നതിനാണ് ഒരു ഡയറക്ടറുടെ കീഴിൽ കൊണ്ടുവന്ന് പുനഃസംവിധാനം ചെയ്യാൻ നിശ്ചയിച്ചിട്ടുള്ളത്. അതിലൂടെ ഇവിടെ ചൂണ്ടിക്കാണിച്ചിട്ടുള്ള കുറവുകൾ പരിഹരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ശ്രീ. എ. അലി ഹസ്സൻ : സഹകരണ കാർഷിക ഗ്രാമവികസന ബാങ്കിന് സ്വന്തമായി ഫണ്ടില്ല. ഡെപ്പോസിറ്റ് വാങ്ങാൻ അവകാശമില്ല. അതുകൊണ്ട് ലോണുകളും മറ്റും കൊടുക്കാനും കഴിയുന്നില്ല. ഫണ്ടിന്റെ കുറവുകൊണ്ട് ഈ ബാങ്കുകളിൽ സ്ഥിരമായി നിയമിക്കപ്പെടുന്ന കൺകറന്റ് ആഡിറ്റേഴ്സിന് ശമ്പളം കൊടുക്കാൻ സാധ്യമല്ലാത്തതുകൊണ്ട് ഗവൺമെന്റ് നേരിട്ടുതന്നെ ശമ്പളം കൊടുക്കാൻ നടപടി സ്വീകരിക്കുമോ ?

ശ്രീ. എസ്. ശർമ്മ : ഞാൻ അതിന് മറുപടി പറഞ്ഞു.

അസംഘടിത മേഖലയിലെ തൊഴിലാളികളുടെ മിനിമം കൂലി

2 (*332) ശ്രീ. എം. മുരളി :
ശ്രീ. പി. ജെ. ജോയി :
ശ്രീ. ഇ. എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അസംഘടിത മേഖലകളിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് കുറഞ്ഞ കൂലി നിശ്ചയിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏതെല്ലാം മേഖലകളിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് കുറഞ്ഞ കൂലി പുതുക്കി നിശ്ചയിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) കുറഞ്ഞ കൂലി വേതന നിർണ്ണയ പട്ടികയുടെ പരിധിയിൽ ഏതെല്ലാം മേഖലകളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി, (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) : സർ,

(എ) ഗവൺമെന്റ് നിയോഗിക്കുന്ന മിനിമം വേതന കമ്മിറ്റികളുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും നോട്ടിഫിക്കേഷൻ രീതിയിലുമാണ് അസംഘടിത മേഖലയിലെ തൊഴിലാളികളുടെ കൂലി പുതുക്കി നിശ്ചയിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly